**പതിമൂന്നാം കേരള നിയമസഭ**

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3215

21/12/2012 ൽ മറുപടിക്ക്

**ഇന്ദിര ആവാസ് യോജന**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) ഇന്ദിര ആവാസ് യോജനയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽ പ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ ഒരു പരിഹാരം കാണുക എന്നതാണ് ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. 1996 ജനുവരി ഒന്നു മുതലാണ് ഇന്ദിരാ ആവാസ് യോജന സ്വതന്ത്രപദ്ധതിയായി നടപ്പിലാക്കാൻ തുടങ്ങിയത്. ഗുണഭോക്താക്കൾ സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലും ഉള്ളവരും വാസയോഗ്യമായ വീടില്ലാത്തവരും ആയിരിക്കണം. കുടുംബത്തിലെ ഭർത്താവിന്റെയും ഭാര്യയുടെയും കൂട്ടായ പേരിലും വീട് അനുവദിക്കുന്നതാണ്. ഓരോ പ്രദേശങ്ങളിലെയും പ്രത്യേകതകൾ കണക്കിലെടുത്തായിരിക്കും വീടുകളുടെ രൂപകൽപ്പന . വലിപ്പം, തരഭേദം എന്നിവ നിശ്ചയിക്കുക. ഐ.എ.വൈ. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ ആകെ വിസ്തീർണ്ണം 25 ച.മീറ്ററിനും 40 മീറ്ററിനും ഇടയിലായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. വീടിന്റെ പൂർത്തീകരണം കഴിഞ്ഞ് വി.ഇ.ഒ. പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുകയും ബന്ധപ്പെട്ട എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ |

ഹൗസിംഗ് വീട് സന്ദർശിച്ച് വീട് പണി പൂർത്തീകരിച്ചു എന്ന് ഉറപ്പുവരുത്തിയ ശേഷമാണ് അവസാന ഗഡു നൽകുന്നത്.

ബി) ഈ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി എന്തെല്ലാം സഹായമാണ് നൽകുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

ബി) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന പരമാവധി ധനസഹായം 48500/- രൂപയാണ്. എന്നാൽ സംസ്ഥാനത്ത് ഈ പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000/- രൂപയുമാണ്. സംസ്ഥാന സർക്കാർ വീടൊന്നിനു നൽകുന്ന തുക 75000 രൂപയ്ക്കു പുറമെ അധിക ധനസഹായമായി നൽകുന്ന തുക ഗ്രാമ / ബ്ലോക്ക് / ജില്ല പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ കണ്ടെത്തുന്നു.

സി) കേന്ദ്ര സർക്കാരിന്റെ എന്ത് ധനസഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

സി) ഇന്ദിരാ ആവാസ് യോജന പ്രകാരം അനുവദനീയമായ പരമാവധി ധനസഹായം 48,500/- രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം 36,375/- രൂപയും (75%) സംസ്ഥാന വിഹിതം 12,125/- രൂപയുമാണ് (25%).

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിൽ നിന്നുള്ള വിഹിതം എത്രയാണ് ; വിശദമാക്കുമോ ?

(ഡി) സംസ്ഥാന സർക്കാർ ജനറൽ, എസ്.സി. വിഭാഗങ്ങൾക്ക് നൽകുന്ന യൂണീറ്റ് കോസ്റ്റായ 2 ലക്ഷം രൂപയും എസ്.റ്റി.വിഭാഗങ്ങൾക്ക് നൽകുന്ന യൂണീറ്റ് കോസ്റ്റായ 2.50 ലക്ഷം രൂപയും നൽകുന്നതിനായി കേന്ദ്ര സംസ്ഥാന വിഹിതത്തിനു പുറമേ നൽകുന്ന തുക ഗ്രാമ / ബ്ലോക്ക് / ജില്ല പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ തങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നു കണ്ടെത്തുന്നു.

സെക്ഷൻ ഓഫീസർ